പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1783 — 06.03.2017-ലെ മറുപടിക്ക്

**നഷ്ടത്തിലോടുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ**

ചോദ്യം

ശ്രീ. അനിൽ അക്കര

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നഷ്ടത്തിലോടുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നിർത്തലാക്കുവാനോ പുനഃക്രമീകരിക്കുവാനോ തീരുമാനം എടുത്തിട്ടുണ്ടോ; | (എ) | നഷ്ടത്തിലോടുന്ന കെ.എസ്.ആർ.ടി.സി സർവ്വീസുകൾ പുനഃക്രമീകരിക്കുവാനുള്ള തീരുമാനം എടുത്തിട്ടുണ്ട്. |
| (ബി) | പതിനായിരം രൂപയിൽ താഴെ വരുമാനമുള്ള എല്ലാ സർവ്വീസുകളും നിർത്തലാക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിലുള്ള എത്ര സർവ്വീസുകൾ നിലവിലുണ്ടെന്നും അതിൽ എത്രയെണ്ണം ഇതിനകം നിർത്തലാക്കിയെന്നും വിശദമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി.യുടെ പതിനായിരം രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകൾ നിർത്തലാക്കുവാൻ തീരുമാനമെടുത്തിട്ടില്ല. |
| (സി) | ഗ്രാമീണ മേഖലയ്ക്കും തീരദേശമേഖലയ്ക്കും അനുഗ്രഹമായ സ്റ്റേബസ്സുകൾ നിർത്തലാക്കുന്നത് പ്രസ്തുത മേഖലയിലെ സാധാരണക്കാരെ ബാധിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ തീരുമാനം എടുക്കുന്നതിന് മുമ്പ് ജനപ്രതിനിധികളുടെ അഭിപ്രായം ആരായുമോ? | (സി) | ഗ്രാമീണ മേഖലയിലും, തീരദേശ മേഖലയിലുമുള്ള സ്റ്റേ ബസ്സുകൾ നിറുത്തുന്നതിന് നിലവിൽ തീരുമാനമൊന്നും എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ